## കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ : അബ്ദുൾ ലത്തീഫ്. എ. വി.)

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – കോഴിക്കോട് ജില്ലയിൽ 01.01.2021 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമനം നൽകിയ ഡ്രൈവർ ഗ്രേഡ് 2 (LDV) തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 15.01.2022 തീയതിയിലെ PAN/3172/2020-E14(DP) നമ്പർ കത്ത്.

2. ഈ ഓഫീസിലെ 21/01/2021 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

**<u>ഉത്തരവ് നമ്പർ : DDP-KKD/149/2020-A8</u>  <u>തീയതി : 04/02/2022</u>**

കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 01.01.2021 മുതൽ 31.12.2021 വരെ ഡ്രൈവർ ഗ്രേഡ് 2 (LDV) തസ്തികയിൽ നിയമിതരായ ജീവനക്കാരുടെ ജില്ലാതല സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കാൻ പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ. 01.01.2021 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമനം നൽകിയിട്ടുള്ള ഡ്രൈവർ ഗ്രേഡ് 2 (LDV) തസ്തികയിലെ ജീവനക്കാ രുടെ കരട് സീനിയോറിറ്റി പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു. നിശ്ചിത സമയപരിധിക്കകം ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമിതരായ ഡ്രൈവർ ഗ്രേഡ് 2 (LDV) തസ്തികയിലെ ജീവനക്കാ രുടെ അന്തിമ സീനിയോറിറ്റി പട്ടിക ഇതോടൊന്നിച്ചുള്ള അനുബന്ധം I പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

Signature Not Verified
Digitally signed by ABDUL LATHEEF A V
Date: 2022.02.04 18:04:11 IST
Reason: Approved

അബ്ദുൾ ലത്തീഫ്. എ. വി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും
(അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് അതത് ഗ്രാമപഞ്ചായത്തുകളിൽ/ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർ ഗ്രേഡ് 2 (LDV) തസ്തികയിലെ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, പരിശോധനക്കായി പട്ടികയുടെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.)

പകർപ്പ് :

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്.
3) എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും.
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം.
5) എ 3, സി1 സെക്ഷനുകൾ
6) കരുതൽ/അധികം.